# കേരള സർവകലാശാല

നം. പി.ആർ.059/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

### ബി.പി.എ പ്രാക്ടിക്കൽ/ വൈവ

കേരള സർവകലാശാല ഏപ്രിലിൽ നടത്തിയ ബി.പി.എ വയലിൻ പരീക്ഷയുടെ പ്രാക്ടിക്കലും പ്രോജക്ട് മൂല്യനിർണ്ണയവും വൈവയും ഏപ്രിൽ 25 മുതൽ 27 വരെ ശ്രീ സ്വാതിതിരുനാൾ കോളേജിൽ നടത്തും. ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### ബി.എസ്സി പ്രാക്ടിക്കൽ

കേരള സർവകലാശാല ഏപ്രിലിൽ നടത്തിയ കരിയർ റിലേറ്റഡ് ഫസ്റ്റ് ഡിഗ്രി പ്രോഗ്രാം സി.ബി.സി.എസ്.എസ് ആറാം സെമസ്റ്റർ ബി.എസ്സി ഫിസിക്സ് ആൻഡ് കമ്പ്യൂട്ടർ ആപ്ലിക്കേഷൻസിന്റെ ഫിസിക്സ് പ്രാക്ടിക്കൽ പരീക്ഷകൾ മേയ് രണ്ട്, മൂന്ന്, നാല്, അഞ്ച് തീയതികളിൽ അതത് കേന്ദ്രങ്ങളിൽ നടത്തും. ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### എം.എ ഇംഗ്ലീഷ് അസൈൻമെന്റ്

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം രണ്ടാം വർഷ എം.എ ഇംഗ്ലീഷ് വിദ്യാർത്ഥികളിൽ അസൈൻമെന്റ് സമർപ്പിക്കാനുള്ളവർ മേയ് 30, 31 തീയതികളിൽ പാളയം എസ്.ഡി.ഇ-യിൽ സമർപ്പിക്കണം. മറ്റ് ദിവസങ്ങളിൽ സ്വീകരിക്കുകയില്ല.

### ഗവേഷണ പ്രബന്ധം

ഡെക് റിസർച്ചറിന്റെ മൂന്ന്, നാല് ലക്കങ്ങളിൽ പ്രസിദ്ധീകരിക്കാനായി ഗവേഷണ പ്രബന്ധങ്ങൾ മേയ് 30-നകം വിദൂരവിദ്യാഭ്യാസ വിഭാഗം ഡയറക്ടറെ ഏൽപ്പിക്കണം.

## ഭൗമദിനം ആചരിച്ചു

കേരള സർവകലാശാല ഗാന്ധിയൻ പഠനകേന്ദ്രവും സർവകലാശാല വിമൻസ് ക്ലബ്ബും സംയുക്തമായി ലോക ഭൗമദിനാചരണത്തിന്റെ ഭാഗമായി നടത്തിയ ചടങ്ങിൽ പ്രോ-വൈസ് ചാൻസലർ ഡോ. എൻ വീരമണികണ്ഠൻ, രജിസ്ട്രാർ ഡോ.എം. ജയപ്രകാശ് എന്നിവർ ചേർന്ന് വൃക്ഷത്തൈകൾ നട്ടുപിടിപ്പിച്ചു.

(ഫോട്ടാ ഇ-മെയിൽ ചെയ്തിട്ടുണ്ട്)




**സർവകലാശാല മന്ദിരം,**
തിരുവനന്തപുരം.
22.04.2016

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098